**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 563** **23-02-2022 - ൽ മറുപടിയ്ക്ക്**

**സെറിഫെഡിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് അപെക്സ് സൊസൈറ്റിയിലെ (സെറിഫെഡ് ) നിയമനത്തിലും സെറിഫെഡിൽ നിന്നും മറ്റു വകുപ്പുകളിലേക്ക് മാറ്റി നിയമിച്ച നടപടിയിലും ക്രമക്കേടുണ്ടെന്ന ഹൈക്കോടതി വിധി വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ വിശദാംശം നൽകാമോ ; | (എ) | വന്നിട്ടുണ്ട്. സെറിഫെഡിലെ പ്രവർത്തനം 2010ൽ അവസാനിപ്പിച്ചതിനെതിരെയും പിന്നീട് 2017ൽ സെറിഫെഡിലെ പുനരുദ്ധാരണം നിർത്തലാക്കിയതിനെ തിരെയും ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്ന വിവിധ റിട്ട് പെറ്റീഷനുകളിൽ (WP(C)Nos.35173/2016, 35303/2016, 40553/2016, 40618/2016, 8550/2017 & 15961/2020) ബഹു.ഹൈക്കോടതി 21.01.2022 ൽ ഒരു പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമനങ്ങൾ നിയമവിരുദ്ധമാണെന്ന് കോടതി ചൂണ്ടിക്കാട്ടിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ; | (ബി) | നാമ നിർദ്ദേശം ചെയ്ത ഡയറക്ടർ ബോർഡ് സെറിഫെഡിൽ നിയമ വിരുദ്ധമായി 300 ജീവനക്കാരെ നിയമിച്ചതും, 271 ജീവനക്കാരെ സർക്കാർ സർവ്വീസിലും, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലും നിയമിച്ച സർക്കാർ നടപടിയിൽ ഉചിതമായ അന്വേഷണം നടത്താൻ സർക്കാരിനോട് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ എന്നും ഏത് തരത്തിലുള്ള അന്വേഷണമാണ് നടക്കുന്നതെന്നും വ്യക്തമാക്കാമോ ; | (സി) | 21.01.2022 ലെ ബഹു. ഹൈക്കോടതി ഉത്തരവ് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സെറിഫെഡിൽ 300 ജീവനക്കാരെ നിയമിച്ചതും ഇവരിൽ 271 പേരെ പിന്നീട് സർക്കാർ സർവീസിലും കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിലും മാറ്റിനിയമിച്ചതും ഏറ്റവും വലിയ തൊഴിൽ കുംഭകോണങ്ങളിലൊന്നാണെന്ന് കോടതി വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ; | (ഡി) | നാമ നിർദ്ദേശം ചെയ്ത ഡയറക്ടർ ബോർഡ് സെറിഫെഡിൽ നിയമവിരുദ്ധമായി 300 ജീവനക്കാരെ നിയമിച്ചതും, 271 ജീവനക്കാരെ സർക്കാർ സർവ്വീസിലും ഖാദിയിലും ഉൾപ്പെടുത്തിയ സർക്കാർ നടപടിയിലും ഉചിതമായ അന്വേഷണം നടത്താൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | സെറിഫെഡിന്റെ താൽകാലിക ഭരണസമിതി അധികാര ദുർവിനിയോഗം നടത്തുന്നില്ലെന്ന് | (ഇ) | സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ